**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.07.2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നം.405/2018/സഹ. തീയതി, തിരുവനന്തപുരം, 04.07.2018.

---

പരാമർശം:- 1) 10.05.2011 ലെ സ.ഉ.(കൈ) നം. 75/2011/സഹ നമ്പർ ഉത്തരവ്.

2) 07.03.2017 ലെ സ.ഉ.(സാധാ) നം. 117/2017/സഹ നമ്പർ ഉത്തരവ്.

3) 18.07.2017 ലെ സ.ഉ.(സാധാ) നം. 365/2017/സഹ നമ്പർ ഉത്തരവ്.

4) 07.06.2018 ലെ സ.ഉ.(പി) നം. 84/2018/ഫിൻ നമ്പർ ഉത്തരവ്.

5) സഹകരണ സംഘം രജിസ്ട്രാറുടെ 27/06/2018-ലെ ഇ.എം.(4)13380/2018 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ഏകീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിന് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത അനുവദിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) 01/01/2017 മുതൽ അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ, All India Consumer Price Index for Industrial Workers (AICPI) പ്രകാരമുള്ള നിരക്കുകൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ശുപാർശ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (4) ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രി റിവൈസ്ഡ് സ്കെയിലിൽ 3% ക്ഷാമബത്തയും റിവൈസ്ഡ് സ്കെയിൽ 1% ക്ഷാമബത്തയും 01/07/2017 മുതൽ പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്.

3) 01/07/2014-ൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ക്ഷാമബത്ത ലയിപ്പിച്ച അടിസ്ഥാന ശമ്പളത്തിനാണ് ഇപ്പോൾ 1% ക്ഷാമബത്ത പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ സഹകരണ സംഘം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോടൊപ്പം മുൻ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 24% ക്ഷാമബത്തയും പുതിയ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 40% ക്ഷാമബത്തയുമാണ് ലയിപ്പിച്ചിട്ടുള്ളത്.

4) പരാമർശം (4) ഉത്തരവ് പ്രകാരം മുൻ പ്രി റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് 268% ക്ഷാമബത്തയ്ക്ക് അർഹതയുള്ളതായും ആയതിനാൽ പ്രി റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാർക്ക് 01/07/2017 മുതൽ 4% (197-193) അധിക ക്ഷാമബത്തയ്ക്കാണ് അർഹതയുള്ളതെന്നും പുതിയ ശമ്പളപരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഇപ്പോൾ 109% ക്ഷാമബത്തയാണ് വാങ്ങിവരുന്നതെന്നും 01/07/2017 മുതൽ ഇവർക്ക് 3% അധിക ക്ഷാമബത്തയ്ക്ക് അർഹതയുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5) സഹകരണ സംഘം രജിസ്ട്രാറുടെ പരാമർശം (5) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യ തീയതി | 01.01.2017 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2017 | 109% | 3% | 112% |

പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യ തീയതി | 01.01.2017 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2017 | 193% | 4% | 197% |

മേൽ പ്രകാരമുള്ള രണ്ട് ശമ്പളപരിഷ്കരണവും നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യ തീയതി | 01.01.2017 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.07.2017 | 264% | 4% | 268% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി.**

**അണ്ടർ സെക്രട്ടറി.**

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം - വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്

വേണ്ടി)

2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾക്ക്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ